കവിത

## ഇ-മലയാളിയുടെ വായനാവാരത്തിലേക്ക് ഒരു പഴയ ”വിലാപകാവ്യം“

# വിട

**ഡോക്ടർ നന്ദകുമാർ ചാണയിൽ**



മരണത്തിൻ അനിവാര്യമാം വിളി കേട്ടു നീ
വിട ചൊല്ലി വേർപ്പെട്ട് പോയെങ്കിലും സഖേ
ചിരകാല സൗഹ്രുദം സൂക്ഷിച്ചൊരെന്മനം
കാണുന്നു നിത്യവും നിൻെറയാ പുഞ്ചിരി
വിണ്ണിലെ വെൺനിലാവുള്ളൊരു കാലവും
മായാതെ നിൽക്കും നിൻ മന്ദഹാസ പ്രഭ
പുലരി തുടിപ്പിൻ പ്രസാദവും, പൂവ്വിൻെറ
ഉള്ളിലെ തേൻ കണം പോലുള്ള ഉള്ളവും
നർമ്മോക്തി തിങ്ങും നിൻ സംസാര ശൈലിയും
സൗഹ്രുദ ദീപ്തി തിളങ്ങും നേത്രങ്ങളും
ജ്ഞാനാമ്രുത പാനം ചെയ്തവനെങ്കിലും
ഗർവ്വും അഹന്തയുമില്ലാത്ത ഭാവവും
ആരെയും വിസ്മയിപ്പിക്കുമാറുള്ളൊരു
നന്മയും, താഴ്മയും, സ്നേഹാദരങ്ങളും
പേരിനെ അന്വർഥമാക്കും വിധാ സദാ
ആരേയും ആനന്ദ തുന്നിലരാക്കിയും
കൈരളി വ്രുന്ദത്തിൽ എന്നും തിളങ്ങുന്ന
ധ്രുവ നക്ഷത്രമായ്, നൈർമ്മല്യ ശോഭയായ്
സ്ഥാനമാനങ്ങൾക്കായി തേടിയലഞ്ഞില്ല
തേടിയെത്തിയവ നിന്നെ മാനിക്കുവാൻ
സരളവും ശാന്തവുമാക്കി നീ ജീവിതം
സൗമ്യഭാവങ്ങൾക്ക് ജീവൻ പകർന്നു നീ
എന്തൊക്കെ തത്വങ്ങൾ ആശ്വസിപ്പിക്കിലും
ശാന്തമാകില്ലൊരു തപ്ത ഹ്രുദയവും
അർപ്പിച്ചിടുന്നു നിന്നാത്മശാന്തിക്കായി
നിന്നുടെ ഓർമ്മയിൽ ചാലിച്ച വാക്കുകൾ
തുള്ളി തുളുമ്പുമെൻ കണ്ണീർ തുടച്ച് ഞാൻ
പതുക്കെ മന്ത്രിക്കട്ടെ“ പ്രണാമം ഗുരു വരാ”

******************